**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 61** **23-01-2025 - ൽ മറുപടിയ്ക്ക്**

**വയനാട്ടിലെ ടൗൺഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | വയനാട്ടിലെ ചൂരൽമല, മുണ്ടക്കൈ എന്നിവിടങ്ങളിലെ ഉരുൾപൊട്ടൽ ബാധിതരായ കുടുംബങ്ങൾക്ക് ടൗൺഷിപ്പ് നിർമ്മിക്കുമ്പോൾ ഇവർക്ക് നിർമ്മിച്ച് നൽകുന്ന വീടുകളുടെ വിസ്തീർണം, അതിലെ സൗകര്യങ്ങൾ, തറയിൽ ഉപയോഗിക്കുന്ന മെറ്റീരിയൽ, മേൽക്കൂര എന്നിവ എന്തൊക്കെയാണെന്നുള്ള വിശദാംശം നൽകുമോ; | (എ) | 1000 സ്ക്വ.ഫീ. വലിപ്പത്തിൽ രണ്ട് ബെഡ് റൂമുകൾ (ഒരെണ്ണം ബാത്ത് അറ്റാച്ച്ഡ്), ലിവിങ് എരിയ, ഡൈനിംഗ് എരിയ, അടുക്കള, വരാന്ത എന്നീ സൌകര്യങ്ങൾ ഉൾപ്പെടുത്തി വീടുകൾ നിർമ്മിക്കുവാനാണ് ലക്ഷ്യമിടുന്നത്. വീടുകളുടെ മേൽക്കൂര RCC Roof structure ആയും തറ വിട്രിഫൈഡ് ടൈൽസ് ഉപയോഗിച്ചും നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | വീട് നിർമ്മാണത്തിനും ടൗൺഷിപ്പിനുമായി ആരാണ് പദ്ധതി രേഖ തയ്യാറാക്കിയതെന്നും പദ്ധതി രേഖ അംഗീകരിച്ച യോഗത്തിൽ മറ്റ് എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തതെന്നും വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി രേഖയുടെ വിശദാംശങ്ങൾ നൽകാമോ; | (ബി) | കിഫ്ബിയുടെ അനുബന്ധ കമ്പനിയായ കിഫ് കോൺ പ്രൈവറ്റ് ലിമിറ്റഡാണ് വീട് നിർമ്മാണത്തിനും ടൗൺഷിപ്പിനുമായി പദ്ധതി രേഖ തയ്യാറാക്കിയത്. വിശദമായ പദ്ധതി രേഖകൾ തയ്യാറാക്കുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. |
| (സി) | ഓരോ വീടിനും എത്ര തുകയാണ് ചെലവ് കണക്കാക്കുന്നതെന്നും ഈ ചെലവ് കണക്കാക്കിയത് എന്തിനെ അടിസ്ഥാനമാക്കിയാണെന്നും ആരാണ് ഈ തുകയും മറ്റും നിശ്ചയിച്ചതെന്നും ഏതു യോഗത്തിലാണ് ഇതിന് അംഗീകാരം നൽകിയതെന്നും വ്യക്തമാക്കുമോ; | (സി) | ഒരു വീടിന് 30.79 ലക്ഷം രൂപയാണ് കണക്കാക്കിയിട്ടുള്ളത് (ജി.എസ്.ടി തുക കൂടാതെ). CPWD യുടെ പ്ലിന്ത് എരിയറേറ്റ് പൊതുമരാമത്ത് വകുപ്പിന്റെ കോസ്റ്റ് ഇൻഡക്സ് എന്നിവ പ്രകാരമാണ് ഈ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. |
| (ഡി) | വീട് നിർമ്മാണത്തിന് ചെലവു കണക്കാക്കുമ്പോൾ സ്ഥലത്തിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും ചെലവ് ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എത്രയാണെന്ന് വേർതിരിച്ച നൽകാമോ; | (ഡി) | സ്ഥലത്തിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും ചെലവ് ഉൾപ്പെടുത്തിയിട്ടില്ല. |
| (ഇ) | ടൗൺഷിപ്പ് നിർമ്മാണത്തിന് ഏജൻസിയെ നിയോഗിക്കാൻ ടെൻഡർ ക്ഷണിക്കണമെന്ന് ഏതെങ്കിലും ഘട്ടങ്ങളിൽ ആരെങ്കിലും ആവശ്യപ്പെട്ടിരുന്നോ; നിലവിൽ ഏജൻസിയെ നിശ്ചയിച്ചത് ഏതു യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; | (ഇ) | ടൗൺഷിപ്പ് പദ്ധതിയുടെ ഭരണ വകുപ്പായി ദുരന്ത നിവാരണ വകുപ്പിനെ ചുമതലപ്പെടുത്തുകയും, പദ്ധതി കാലയളവിലേക്ക് പദ്ധതി ചെലവിന്റെ (ഭൂമി വില ഒഴിവാക്കികൊണ്ടുള്ള പദ്ധതി തുക) യഥാർത്ഥ ചെലവ് ലാഭരഹിത-നഷ്ടരഹിത അടിസ്ഥാനത്തിൽ നൽകി കൊണ്ട് KIIFCON |

| | | | |
|---|---|---|---|
| | | | നെ PMC/ എംപ്ലോയർ പ്രതിനിധിയായി നിയമിക്കുകയും, പദ്ധതി നടത്തിപ്പിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ (ULCCS) EPC കരാറുകാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | ടൗൺഷിപ്പിൽ വീട് ആവശ്യമില്ലാത്തവർക്ക് എത്ര രൂപയാണ് ധനസഹായം ആയി അനുവദിക്കുന്നതെന്നും ഈ തുക എന്നു മുതലാണ് നൽകി തുടങ്ങുകയെന്നും വ്യക്തമാക്കുമോ? | (എഫ്) | സർക്കാർ നിർമ്മിക്കുന്ന ടൗൺഷിപ്പിന് പുറത്ത് താമസിക്കുവാൻ ആഗ്രഹിക്കുന്ന ഉരുൾപൊട്ടൽ ബാധിത കുടുംബങ്ങൾക്കു 15 ലക്ഷം രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) അനുവദിക്കുവാൻ അനുമതി നല്കി ഉത്തരവായിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ